# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3362 — 14.10.2011-ൽ മറുപടിക്ക്.

### വികലാംഗർക്ക് തദ്ദേശ സ്വയംഭരണത്തിൽ പങ്കാളിത്തം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഗുണഭോക്താക്കളുടെ പങ്കാളിത്തം പ്രധാനമായും ഉറപ്പാക്കുന്നതിൽ ഒരു ഘടകം ഗ്രാമസഭകളാണോ എന്ന് വ്യക്തമാക്കുമോ; | എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഗുണഭോക്താക്കളുടെ പങ്കാളിത്തം പ്രധാനമായും ഉറപ്പാക്കുന്നതിന്റെ പ്രധാന ഘടകം ഗ്രാമസഭകൾ തന്നെയാണ്. |
| ബി) | എങ്കിൽ വികലാംഗർക്ക്വേണ്ടിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപം നൽകുമ്പോൾ വികലാംഗരുടെ പങ്കാളിത്തം ഉറപ്പാക്കാൻ പൊതുസഭ വിളിച്ചു കൂട്ടണമെന്ന് നിർദ്ദേശമുണ്ടോ; | ബി) | നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | എങ്കിൽ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത സർക്കാർ ഉത്തരവ് ഗൗരവമായി എടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) & ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | എങ്കിൽ ഇത് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരോടുള്ള വിവേചനവും പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പങ്കാളികളാകാനുള്ള അവരുടെ അവകാശനിഷേധവുമായി കാണുമോ; | | |

---

| | | | |
|---|---|---|---|
| ഇ) | എങ്കിൽ ഈ നിർദ്ദേശം നടപ്പാക്കാൻ വിമുഖത കാണിക്കുന്ന പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കുമോ; | ഇ) | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പൊതുസഭ വിളിച്ചു കൂട്ടണമെന്ന സർക്കാർ നിർദ്ദേശം നടപ്പാക്കാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ നടപടി കൈക്കൊള്ളുന്നതാണ്. |
| എഫ്) | കൂടാതെ ഇതിൽ വീഴ്ച വരുത്തുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഡി.പി.സിക്ക് അംഗീകാരം നൽകാതിരിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ; | എഫ്) | ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടി കൈക്കൊള്ളുന്നതാണ്. |
| ജി) | അതുവഴി ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പങ്കാളിത്തം ഉറപ്പുവരുത്തുമോ? | ജി) | ഉറപ്പുവരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ